ജില്ലാ അദാലത്ത് സമിതി യോഗം-

15/5/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVPMC0167000041

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | കെ.എൻ.ഗംഗാധരൻ<br>കാരംവളപ്പിൽ, ബി 5,ചിത്രാനഗർ,<br>വട്ടിയൂർക്കാവ്-695013 |
| പരാതി വിഷയം | - | അപേക്ഷകൻ പണികഴിപ്പിച്ച വീടിന് നഗരസഭ കെട്ടിട നമ്പർ നൽകിയില്ലായെന്ന പരാതി-സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000041 ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ-32 സർവ്വേ നമ്പർ -560/31 ൽ ഉൾപ്പെട്ട 2R,45ച.മീ. സ്ഥലത്ത് പെർമ്മിറ്റ് നമ്പർ A2/P/208/21-22 പ്രകാരം പണികഴിപ്പിച്ച വീടിന് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നില്ലായെന്ന ശ്രീ.ഗംഗാധരൻറെ പരാതി അദാലത്ത് സമിതി പരിഗണിക്കുകയുണ്ടായി.

തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ പബ്ലിക്ക്, സെമിപബ്ലിക്ക് ലാൻഡായി വിജ്ഞാപനം ചെയ്തിരിക്കുന്ന ഭൂമിയിലാണ് ശ്രീ.ഗംഗാധരൻ കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത്. ആയതിനാൽ ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് RTP യുടെ കൺകറൻസ് ആവശ്യമാണ്. RTP യിലേയ്ക്ക് അയക്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം മതിയായ എണ്ണം പ്ലാൻ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ടിയാന് 17/08/2023 ൽ വട്ടിയൂർക്കാവ് സോണൽ എ.ഇ. A2/1032/23 നമ്പറായി കത്ത് നൽകിയിട്ടുള്ളതാകുന്നു. എന്നാൽ അപേക്ഷകൻ ഇവ ഹാജരാക്കിയിട്ടില്ലാത്തതിനാലാണ് RTPയ്ക്ക് കൺകറൻസിനായി അയയ്ക്കാൻ സാധിക്കാത്തത് എന്ന് അറിയാൻ സാധിച്ചിട്ടുണ്ട്.

ആവശ്യമായ രേഖകളും പ്ലാനും അടിയന്തിരമായി ഹാജരാക്കുവാൻ ശ്രീമതി. അമ്പിളിയുടെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ഹാജരാക്കിയാലുടൻ തന്നെ ആയത് RTPയ്ക്ക് അയച്ച് കൺകറൻസ് വാങ്ങി കെട്ടിട നമ്പർ അനുവദിക്കുന്നതിനായി സത്വരനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വട്ടിയൂർക്കാവ് സോണൽ എ.ഇ.-യോടും തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോടും ഉപദേശിച്ചും തീരുമാനിച്ചു.

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം പിൻ-695043